# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4217** **16.12.2014** ൽ മറുപടിയ്ക്ക്

### കേരളത്തിലെ ധാതുവിഭവങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | കേരളത്തിൽ ഏതെല്ലാം ധാതുവിഭവങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണ് ഇവ ഉള്ളതെന്നും എത്ര അളവിലാണ് ഓരോന്നും കാണപ്പെടുന്നതെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ചൈനാക്ലേ, ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കൺ, സില്ലിമനൈറ്റ്, സിലിക്കാ സാന്റ്, ലൈം ഷെൽ, ലൈം സ്റ്റോൺ, ബോക്സൈറ്റ്, ക്വാർട്ട്സ്, ഗ്രാനൈറ്റ്, സ്വർണ്ണം, ഇരുമ്പ് എന്നീ വൻകിടധാതുക്കളും ചെറുകിടധാതുക്കളായ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഗ്രാനൈറ്റ് ഡയമൻഷൻ സ്റ്റോൺ, ലാറ്ററൈറ്റ്, ലൈം ഷെൽ, ബ്രിക്ക് ക്ലേ, ഓർഡിനറി/റിവർ സാന്റ്, എന്നിവയാണ് പ്രധാനപ്പെട്ട ധാതു നിക്ഷേപങ്ങൾ.<br><br>മേൽപ്പറഞ്ഞ ധാതുക്കൾ കൂടുതലായി കാണുന്ന സ്ഥലങ്ങൾ, അളവ്(2005-ൽ തിട്ടപ്പെടുത്തിയ മതിപ്പ് കണക്ക്) എന്നിവ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (ബി) | കേരളത്തിൽ നിന്നും ഖനനം ചെയ്യപ്പെടുന്ന ധാതു വിഭവങ്ങൾ ഏതെല്ലാം; പ്രതിവർഷം എത്ര അളവിലാണ് ഇവ ഓരോന്നും ഖനനം ചെയ്യുന്നത്; ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് ഖനനം ചെയ്യുന്നത്; പ്രതിവർഷം ധാതുവിഭവങ്ങളുടെ ഖനനത്തിലൂടെ എത്ര തുകയാണ് ലഭിക്കുന്നത്; പ്രസ്തുത വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | കേരളത്തിൽ നിന്നും ഖനനം ചെയ്യുന്ന ധാതുക്കളുടെ (പ്രതിവർഷ ഉത്പാദനമടക്കം) പട്ടിക അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.<br>2013-14 സാമ്പത്തിക വർഷത്തിൽ വൻകിട ധാതു ഖനനത്തിൽ നിന്നും 41,77,93,208/- രൂപ ഉൾപ്പെടെ 54,17,24,651/-രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം മൂന്ന് ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഖനനങ്ങളിൽ പൊതുമേഖലയിൽ നടത്തുന്നവ എതെല്ലാമാണെന്നും സ്വകാര്യമേഖലയിൽ നടത്തുന്നവ ഏതൊക്കെയാണെന്നും വിശദീകരിക്കുമോ? | (സി) | സാധാരണ മണ്ണ്, കളിമണ്ണ്, സാധാരണ മണൽ, ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഗ്രാനൈറ്റ് ഡൈമൻഷൻ സ്റ്റോൺ, ഗൃഹനിർമ്മാണത്തിനുള്ള ചെങ്കല്ല് തുടങ്ങിയ ചെറുകിട ധാതുക്കളുടെയും, സിലിക്കാമണൽ, ചൈനാക്ലേ, ഗ്രാഫൈറ്റ്, വ്യവസായികാവശ്യത്തിനുപയോഗിക്കുന്ന ലാറ്ററൈറ്റ്, ക്വാർട്ട്സ്, ലൈംഷെൽ തുടങ്ങിയ വൻകിട ധാതുക്കളുടെയും ഖനനം പ്രധാനമായും, വ്യക്തികളും സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിലാണ് നടക്കുന്നത്.<br>വൻകിട ധാതുവായ കരിമണലിന്റെ ഖനനത്തിന് പൊതുമേഖലാ സ്ഥാപനങ്ങളായ IREL, KMML എന്നിവയ്ക്ക് മാത്രമേ അനുമതി നൽകുന്നുള്ളു.<br>വൻകിട ധാതുവായ ചുണ്ണാമ്പുകല്ല് ഖനനത്തിന് മലബാർ സിമന്റ് ലിമിറ്റഡിനും, ചൈനാക്ലേ ഖനനത്തിന് കേരള ക്ലേയ്സ് & സിറാമിക്സ് പ്രോഡക്ട് ലിമിറ്റഡിനും. കുണ്ടറ സിറാമിക്സിനും ഖനനാനുമതി നൽകിയിട്ടുണ്ട്. ഇവ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാണ്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം - 1

| ധാതുവിന്റെ പേര് | ലൊക്കേഷൻ | എസ്റ്റിമേറ്റ് റിസർവ് ( മില്ല്യൺ ടൺ) |
|---|---|---|
| കരിമണൽ | ചവറ-കായംകുളം സെക്ടർ, കൊല്ലം ജില്ല<br>നോർത്ത് ഓഫ് കായംകുളം പൊഴി- തോട്ടപ്പള്ളി,ആലപ്പുഴ ജില്ല | 127.00 |
| സ്വർണ്ണം | മരുദ, നിലമ്പൂർ, മലപ്പുറം ജില്ല<br>കാപ്പിൽ, നിലമ്പൂർ മലപ്പുറം ജില്ല<br>പുട്ട്മല, അട്ടപ്പാടി,<br>കോട്ടത്തറ, പാലക്കാട് ജില്ല | 0.55(4gm/tone)എന്ന തോതിൽ<br>0.0613(4.1gm/tone) എന്ന തോതിൽ<br>0.08(12.98gm/tone) എന്ന തോതിൽ<br>0.0067(14.99gm/tone) എന്ന തോതിൽ |
| പ്ലയിസർ ഗോൾഡ് | പുന്നപ്പുഴ & ചാലിയാർപുഴ, നിലമ്പൂർ മലപ്പുറം ജില്ല | 30million cu.m<br>(0.07 g/ $m^3$)<br>2.5million cu.m<br>(0.1 g/ $m^3$) |
| ഇരുമ്പയിര് | കോഴിക്കോട് & മലപ്പുറം ജില്ല | 84.00 |
| ബോക്സൈറ്റ് | തിരുവനന്തപുരം ജില്ലയിൽപ്പെട്ട മംഗലപുരം, ശാസ്തവട്ടം, കൊല്ലം ജില്ലയിലെ പോരുവഴി, ചക്കുവള്ളി, കാസർഗോഡ് ജില്ലയിലെ കുമ്പള എന്നീ സ്ഥലങ്ങളിൽ | 10.16<br>2.65 |
| ഗ്രാഫൈറ്റ് | എറണാകുളം ജില്ലയിലെ വടകോട്, നാഗപ്പുഴ, കോട്ടയം ജില്ലയിലെ ചിറക്കടവ്, തിരുവനന്തപുരംജില്ലയിലെ വേളി, കുറ്റിച്ചാൽ, വെള്ളനാട് എന്നീ സ്ഥലങ്ങളിൽ | 2.81 |
| ചീനകളിമൺ | തിരുവനന്തപുരം ജില്ലയിൽപ്പെട്ട മേൽത്തോന്നയ്ക്കൽ, പള്ളിപ്പുറം, വെയ്ലൂർ, അണ്ടൂർക്കോണം, അഴൂർ എന്നീ വില്ലേജുകൾ, കൊല്ലം ജില്ലയിൽ കുണ്ടറ, മുളവന, പള്ളിമൺ, വെളിച്ചിക്കാല, കണ്ണൂർ ജില്ലയിൽ പഴയങ്ങാടി, കണ്ണപുരം, മാടായി, കാസർഗോഡ് ജില്ലയിൽ എരിക്കുളം, നീലേശ്വരം, സിതംഗോളി, മിയവദവ് എന്നീ സ്ഥലങ്ങളിൽ | 172.00 |
| ബാൾ കളിമണ്ണ് | തിരുവനന്തപുരം, കൊല്ലം, കണ്ണൂർ & കാസർഗോഡ് ജില്ല | 5.67 |
| ഫയർ കളിമണ്ണ് | കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ & കണ്ണൂർ ജില്ല | 11.50 |
| സിലിക്ക മണൽ | ആലപ്പുഴ മുതൽ ചേർത്തലയിലെ പാണാവള്ളി വരെയുള്ള തീരപ്രദേശം | 28.40 |
| ലിഗ് നൈറ്റ് | മാടായി, കണ്ണൂർ ജില്ല<br>നീലേശ്വരം<br>കടംകോട്ടുമല & കയ്യൂർ<br>കാസർഗോഡ് ജില്ല | 5.60<br>2.50<br>1.00<br>0.55 |

| | | |
|---|---|---|
| ചുണ്ണാമ്പ് കല്ല് | പാരത്ത്, വാളയാർ, പാലക്കാട് ജില്ല | 24.00 |
| ചുണ്ണാമ്പ് കക്ക | വേമ്പനാട് കായൽ, ആലപ്പുഴ & കോട്ടയം ജില്ല, കണ്ണൂരിന്റെ തീരപ്രദേശം, കാസർഗോഡ് ജില്ല & പെരിയാർ & കടലുണ്ടി പുഴ കോഴിക്കോട് ജില്ല | 4.05 |
| മാഗ്നസൈറ്റ് | സളയൂർ, മുള്ളി, പാലക്കാട് ജില്ല | 0.037 |
| ടാൽക്ക്/സ്റ്റിയാറ്റൈറ്റ് | കോഴിക്കോട് & കണ്ണൂർ ജില്ല | 7.94 |
| ക്വാർട്ട്സ് | വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മാനന്തവാടി, ബത്തേരി എന്നിവിടങ്ങളിൽ | കണക്കാക്കിയിട്ടില്ല |

# അനുബന്ധം - 2

## കേരളത്തിൽ നിന്നും ഖനനം ചെയ്യുന്ന വൻകിട ധാതുക്കളുടെ ഉല്പാദന പട്ടിക (2013-14)

| ക്രമ നമ്പർ | ധാതുക്കളുടെ പേരു വിവരം | ഉല്പാദനം (ടൺ) |
|---|---|---|
| 1 | ചൈനാക്ലേ | 904663 |
| 2 | ബോക്സൈറ്റ്/ലാറ്ററൈറ്റ് | 190591 |
| 3 | ഇൽമനൈറ്റ് | 84247 |
| 4 | റൂട്ടൈൽ | 2830 |
| 5 | സിർക്കോൺ | 3861 |
| 6 | സിലിമനൈറ്റ് | 8905 |
| 7 | ല്യൂക്കോക്സിൻ | 49 |
| 8 | സിലിക്കാ സാൻഡ് | 76890 |
| 9 | ലൈംഷെൽ | 37333 |
| 10 | ലൈംസ്റ്റോൺ | 455781 |
| 11 | ക്വാർട്ട്സ് | 1570 |
| 12 | ഗ്രാഫൈറ്റ് | 628 |

## കേരളത്തിൽ നിന്നും ഖനനം ചെയ്യുന്ന ചെറുകിടധാതുക്കളുടെ ഉത്പാദന പട്ടിക (2013-14)

| ക്രമ നമ്പർ | ധാതുക്കളുടെ പേരു വിവരം | ഉല്പാദനം (ടൺ) |
|---|---|---|
| 1 | ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ | 13973155 |
| 2 | ഗ്രാനൈറ്റ് ഡയമെൻഷൻ സ്റ്റോൺ (ക്യു. മീറ്ററിൽ) | 1219 |
| 3 | ലാറ്ററൈറ്റ് | 2578368 |
| 4 | റിവർ സാൻഡ് | 1893766 |
| 5 | ഓർഡിനറി സാൻഡ് | 1914116 |
| 6 | ലൈംഷെൽ | 7450 |
| 7 | ഓർഡിനറി എർത്ത് | 4827325 |
| 8 | ബ്രിക് ക്ലേ | 1243116 |

[signature]

## അനുബന്ധം - 3

| ധാതുതിരിച്ചുള്ള റവന്യു വരുമാനം 2013-14 | |
|---|---|
| ധാതുക്കളുടെ പേര് | തുക(രൂപ) |
| **മേജർ മിനറൽ** | |
| ചൈന ക്ലേ | 15379264 |
| ബോക്സൈറ്റ്/ലാറ്ററൈറ്റ് | 21917944 |
| ഇൽമനൈറ്റ് | 25611098 |
| റൂട്ടൈൽ | 6632488 |
| സിർകൺ | 8340801 |
| സിലിമനൈറ്റ് | 1896705 |
| ലൂക്കോക്സീൻ | 65574 |
| സിലിക്കാ സാന്റ് | 12917482 |
| ലൈംഷെൽ | 2351981 |
| ലൈംസ്റ്റോൺ | 28714206 |
| ക്വാർട്ട്സ് | 67500 |
| ഗ്രാഫൈറ്റ് | 36400 |
| **ആകെ** | രൂപ 12,39,31,443 |
| **മൈനർ മിനറൽ** | |
| ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ | 223570485 |
| ഗ്രാനൈറ്റ് ഡയമെൻഷൻ സ്റ്റോൺ | 4877084 |
| ലാറ്ററൈറ്റ് | 41253889 |
| റിവർ സാന്റ് | 18937663 |
| ഓർഡിനറി സാന്റ് | 19141156 |
| ലൈം ഷെൽ | 469375 |
| ഓർഡിനറി എർത്ത് | 96546499 |
| ബ്രിക്ക് ക്ലേ | 12431163 |
| **ആകെ** | **417793208** |
| **മൊത്തം തുക** | **രൂപ 54,17,24,651** |